കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

ചെറുതാഴം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ /സി.2/912/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 27/07/2022
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെറുതാഴം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചെറുതാഴം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെറുതാഴം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ /സി.2/912/22 തീയ്യതി: 27/07/2022

കണ്ണൂർ ജില്ലയിലെ ചെറുതാഴം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ചെറുതാഴം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-02-2022 മുതൽ 10-06-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി **(മുതൽ)**	തീയതി **(വരെ)**
ശ്രീ.സാബു.പി.എസ്	ഡെപ്യൂട്ടി ഡയരക്ടർ	13-06-2022	20-06-2022

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി **(മുതൽ)**	തീയതി **(വരെ)**
13-06-2022	20-06-2022

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.രമണി കിഴക്കീൽ,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ.മനോജ്കുമാർ ടി.ജോർജ്ജ് , അസി.ഓഡിററ് ഓഫീസർ
ശ്രീമതി.അന്ന അബ്രഹാം ,ഓഡിററർ (ഹ.ഗ്രേ)
ശ്രീമതി.രമ്യ.ടി,ഓഡിററർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി **(മുതൽ)**	തീയതി **(വരെ)**

ശ്രീമതി.പി.പ്രഭാവതി	പ്രസിഡന്റ്	01-04-2020	11-11-2020
ശ്രീ.എം.രവീന്ദ്രൻ	പ്രസിഡന്റ്	30-12-2020	31-03-2021
ശ്രീ. ഹരിദാസ്. സി.എം	സെക്രട്ടറി	01-04-2020	31-03-2021

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.പി.നാരാരായണൻ	കൃഷി ഓഫീസർ	01-04-2020	31-03-2021
ഡോ.ഹരി കുമാർ	വെറ്റിനറി സർജൻ	01-04-2020	31-03-2021
ഡോ.രഞ്ജിത്കുമാർ.ടി	മെഡിക്കൽ ഓഫീസർപി എച്ച് സി,	01-04-2020	31-03-2021
ഡോ.ബിന്ദു കെ.ജെ	മെഡിക്കൽ ഓഫീസർ,ഹോമിയോ	01-04-2020	14-02-2021
ഡോ.പ്രവ്യദാസ്	മെഡിക്കൽ ഓഫീസർ,ഹോമിയോ	15-02-2021	31-03-2021
ശ്രീമതി.കവിത.എം	അസ്സിസ്റ്റന്റ് എഞ്ചിനീയർ,	01-04-2020	31-03-2021
ശ്രീമതി.രമ കുറ്റിക്കാട്ടിൽ	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-04-2020	09-11-2020
ശ്രീമതി.ബീന.കെ	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	10-11-2020	31-03-2021
ശ്രീമതി.സ്മിത.പി	വിഇ ഒ മണ്ടർ	01-04-2020	31-03-2021
ശ്രീ.ജിതേഷ്.കെ.പി	വി.ഇ.ഒ ചെറുതാഴം സർക്കിൾ	01-04-2020	31-03-2021
ശ്രീ.ഷാജ്.ടി.ആർ	അസി.സെക്രട്ടറി	01-04-2020	19-06-2020
ശ്രീ.ദിലീപ് പഹത്തലത്ത്	അസി.സെക്രട്ടറി	20-06-2020	31-03-2021
ശ്രീ.രാജേഷ്.ടി.ആർ	ഫിഷറീസ് എക്സൻഷൻ ഓഫീസർ	01-04-2020	31-03-2021
ശ്രീമതി.ബീന.പി.വി	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	01-04-2020	31-03-2021
ശ്രീമതി പുഷ്പലത. എം	ഹെഡ്മിസ്ട്രസ്	01-04-2020	31-03-2021

12-11-2020 മുതൽ 20-12-2020 വരെ സെക്രട്ടറി, കൃഷി ഓഫീസർ, അസിസ്റ്റൻറ് എഞ്ചിനിയർ എന്നിവരടങ്ങിയ ഭരണ നിർവ്വഹണ കമ്മിറ്റിയായിരുന്നു ഭരണ സമിതിയുടെ ചുമതല നിർവ്വഹിച്ചിരുന്നത്. 21.12.2020 ന് പുതിയ ഭരണ സമിതി നിലവിൽ വന്നു.

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ് Written By: Remani Kizhakkeel (Audit Officer, On 19-06-2022) Last Updated By: Harish Kumar M.V (Computer Assistant, On 26-07-2022)	1-1
2	വാർഷിക ധനകാര്യ പത്രിക Written By: Remani Kizhakkeel (Audit Officer, On 19-06-2022) Last Updated By: Harish Kumar M.V (Computer Assistant, On 26-07-2022)	1-2
3	വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ Written By: Manoj Kumar.T.George (Asst. Audit Officer, On 20-06-2022) Last Updated By: Pramodan Anchantavida (Computer Assistant, On 27-07-2022)	1-2-1
4	സാമ്പത്തിക വിശകലനം Written By: Remani Kizhakkeel (Audit Officer, On 19-06-2022) Last Updated By: Pramodan Anchantavida (Computer Assistant, On 27-07-2022)	1-3
5	ഫണ്ട് വിനിയോഗം Written By: Manoj Kumar.T.George (Asst. Audit Officer, On 20-06-2022) Last Updated By: Pramodan Anchantavida (Computer Assistant, On 27-07-2022)	1-4
6	പദ്ധതി അവലോകനം Written By: Remani Kizhakkeel (Audit Officer, On 19-06-2022) Last Updated By: Pramodan Anchantavida (Computer Assistant, On 27-07-2022)	1-5
7	തൊഴിലുറപ്പ് പദ്ധതി Written By: Remani Kizhakkeel (Audit Officer, On 19-06-2022) Last Updated By: Pramodan Anchantavida (Computer Assistant, On 27-07-2022)	1-6
8	എം.ജി.എൻ.ആർജി.എസ് പദ്ധതി നിർവഹണം- അപാകങ്ങൾ. Written By: Manoj Kumar.T.George (Asst. Audit Officer, On 20-06-2022) Last Updated By: Pramodan Anchantavida (Computer Assistant, On 27-07-2022)	1-6(1)
9	ക്ഷേമ പദ്ധതികൾ Written By: Remani Kizhakkeel (Audit Officer, On 19-06-2022) Last Updated By: Pramodan Anchantavida (Computer Assistant, On 27-07-2022)	1-7
10	ക്യാഷ് പരിശോധന Written By: Remani Kizhakkeel (Audit Officer, On 19-06-2022) Last Updated By: Pramodan Anchantavida (Computer Assistant, On 27-07-2022)	1-8
11	ആഭ്യന്തര നിയന്ത്രണം Written By: Remani Kizhakkeel (Audit Officer, On 20-06-2022) Last Updated By: Harish Kumar M.V (Computer Assistant, On 26-07-2022)	1-9
12	വസ്തുനികുതി അപാകതകൾ Written By: Remya T (Auditor, On 21-06-2022) Last Updated By: Harish Kumar M.V (Computer Assistant, On 26-07-2022)	1-10
13	ഡേഞ്ചേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതാണ്. Written By: Remya T (Auditor, On 21-06-2022) Last Updated By: Pramodan Anchantavida (Computer Assistant, On 27-07-2022)	1-11
14	ഇ ടെണ്ടർ - ടെണ്ടർ ഫീസ് തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. Written By: Manoj Kumar.T.George (Asst. Audit Officer, On 20-06-2022) Last Updated By: Pramodan Anchantavida (Computer Assistant, On 27-07-2022)	1-12
15	പഞ്ചായത്ത് തലത്തിൽ ഫുട്ബോൾ ടീം-മാർഗ്ഗരേഖയിൽ അധികരിച്ച് തുക നൽകി-₹30,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. Written By: Anu Abraham (Auditor, On 20-06-2022) Last Updated By: Pramodan Anchantavida (Computer Assistant, On 27-07-2022)	1-13
16	മാർക്കറ്റ് ബസ്റ്റാൻറ് ഉൾപെടെയുള്ള സ്ഥലം ശുചീകരണം സബ് വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. 669300/- രൂപയുടെ ചെലവ്	1-14

	തടസ്സപ്പെടുത്തുന്നു. Written By: Remani Kizhakkeel (Audit Officer, On 21-06-2022) Last Updated By: Pramodan Anchantavida (Computer Assistant, On 27-07-2022)	
17	സ്ട്രീറ്റ് ലൈറ്റ് വാങ്ങൽ അനുബന്ധ രേഖകൾ ഹാജരാക്കിയിട്ടില്ല.ചെലവ് തുക 4,62199 /-തടസ്സപ്പെടുത്തുന്നു Written By: Remani Kizhakkeel (Audit Officer, On 21-06-2022) Last Updated By: Pramodan Anchantavida (Computer Assistant, On 27-07-2022)	1-15
18	സ്ട്രീറ്റ് ലൈറ്റ് വാർഷിക അറ്റകുറ്റപ്പണിക്ക് കരാറിൽ ഏർപ്പെടൽ-ചെലവിന്റെ വിശദവിവരം ഹാജരാക്കിയില്ല 156000/- തടസ്സപ്പെടുത്തുന്നു. Written By: Remani Kizhakkeel (Audit Officer, On 21-06-2022) Last Updated By: Pramodan Anchantavida (Computer Assistant, On 27-07-2022)	1-16
19	വെള്ളക്കരം അടക്കൽ-വിശദ വിവരം ഹാജരാക്കിയില്ല Written By: Remani Kizhakkeel (Audit Officer, On 21-06-2022) Last Updated By: Pramodan Anchantavida (Computer Assistant, On 27-07-2022)	1-17
20	പഞ്ചായത്ത് ഓഫീസിലെ റെക്കോർഡ് റൂം ഫർണ്ണിഷിംഗ്-സ്റ്റോക്ക് എൻട്രി വരുത്തിയിട്ടില്ല Written By: Remani Kizhakkeel (Audit Officer, On 21-06-2022) Last Updated By: Pramodan Anchantavida (Computer Assistant, On 27-07-2022)	1-18
21	ചെലവ് രേഖകൾ ഹാജരാക്കിയില്ല ₹1378835 തടസ്സത്തിൽ വെക്കുന്നു Written By: Remani Kizhakkeel (Audit Officer, On 21-06-2022) Last Updated By: Pramodan Anchantavida (Computer Assistant, On 27-07-2022)	1-19
22	കൃഷി ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങിയത് -സെൻട്രലൈസ്ഡ് പ്രൊക്യൂർമെന്റ് സംവിധാനം ഉപയോഗിച്ചില്ല-₹1,45,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു Written By: Anu Abraham (Auditor, On 21-06-2022) Last Updated By: Pramodan Anchantavida (Computer Assistant, On 27-07-2022)	1-20
23	ഭൂരഹിത ഭവനരഹിതർക്കുള്ള ലൈഫ് ഭവനപദ്ധതി-ആദ്യ ഗഡു വാങ്ങിയ ഗുണഭോക്താക്കൾ ഭവനനിർമ്മാണം തുടങ്ങിയില്ല. Written By: Anu Abraham (Auditor, On 20-06-2022) Last Updated By: Pramodan Anchantavida (Computer Assistant, On 27-07-2022)	1-21
24	സാക്ഷരതാ തുല്യതാ പരീക്ഷ - തുടർപ്രവർത്തനം-തുടർ നടപടി സംബന്ധിച്ച് Written By: Remani Kizhakkeel (Audit Officer, On 21-06-2022) Last Updated By: Harish Kumar M.V (Computer Assistant, On 26-07-2022)	1-22
25	ഐ കെ എം പ്രവർത്തന ഫണ്ട് കൈമാറൽ - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് Written By: Remani Kizhakkeel (Audit Officer, On 21-06-2022) Last Updated By: Pramodan Anchantavida (Computer Assistant, On 27-07-2022)	1-23
26	മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പദ്ധതികൾ -മരുന്ന് ലഭ്യമായിട്ടില്ല Written By: Remya T (Auditor, On 21-06-2022) Last Updated By: Pramodan Anchantavida (Computer Assistant, On 27-07-2022)	1-24
27	റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയിട്ടില്ല. Written By: Manoj Kumar.T.George (Asst. Audit Officer, On 20-06-2022) Last Updated By: Pramodan Anchantavida (Computer Assistant, On 27-07-2022)	1-25

ഭാഗം **2**

--- No Records Found ---

ഭാഗം **3**

--- No Records Found ---

ഭാഗം **4**

1	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം Written By: Remani Kizhakkeel (Audit Officer, On 19-06-2022) Last Updated By: Pramodan Anchantavida (Computer Assistant, On 27-07-2022)	4-1
2	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം Written By: Remani Kizhakkeel (Audit Officer, On 19-06-2022) Last Updated By: Pramodan Anchantavida (Computer Assistant, On 27-07-2022)	4-2
3	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ Written By: Remani Kizhakkeel (Audit Officer, On 19-06-2022) Last Updated By: Harish Kumar M.V (Computer Assistant, On 26-07-2022)	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ Written By: Remani Kizhakkeel (Audit Officer, On 19-06-2022) Last Updated By: Remani Kizhakkeel (Audit Officer, On 19-06-2022)	4-4
5	വായ്പ / വായ്പ തിരിച്ചടവ് Written By: Remani Kizhakkeel (Audit Officer, On 19-06-2022) Last Updated By: Remani Kizhakkeel (Audit Officer, On 19-06-2022)	4-5
6	സ്ഥിരനിക്ഷേപങ്ങൾ,ഇൻവെസ്റ്റ്മെന്റുകൾ Written By: Remani Kizhakkeel (Audit Officer, On 19-06-2022) Last Updated By: Pramodan Anchantavida (Computer Assistant, On 27-07-2022)	4-6
7	ഓഡിറ്റ് റിക്കവറി Written By: Remani Kizhakkeel (Audit Officer, On 19-06-2022) Last Updated By: Remani Kizhakkeel (Audit Officer, On 19-06-2022)	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ട് Written By: Remani Kizhakkeel (Audit Officer, On 19-06-2022) Last Updated By: Pramodan Anchantavida (Computer Assistant, On 27-07-2022)	4-8
9	ചാർജ് /സർചാർജ് നടപടികളുടെ വിവരം Written By: Remani Kizhakkeel (Audit Officer, On 19-06-2022) Last Updated By: Remani Kizhakkeel (Audit Officer, On 24-07-2022)	4-9
10	ഓഡിറ്റ് പ്രത്യവലോകനം Written By: Remani Kizhakkeel (Audit Officer, On 19-06-2022) Last Updated By: Pramodan Anchantavida (Computer Assistant, On 27-07-2022)	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ Written By: Remani Kizhakkeel (Audit Officer, On 19-06-2022) Last Updated By: Pramodan Anchantavida (Computer Assistant, On 27-07-2022)	4-11

അനുബന്ധം	
1	ഓഡിറ്റ് സാക്ഷ്യപത്രം
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം
3	റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്
4	ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്
5	ബാലൻസ് ഷീറ്റ്

ഭാഗം -1

പൊതു അവലോകനം

1-1 ബജറ്റ്

ബജറ്റ് 24-03-2020 തീയതിയിലെ 1/20(3) നമ്പർ തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 17-02-21 തീയതിയിലെ 1/1/20 നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചു. വിശദ വിവരം ചുവടെ ചേർക്കുന്നു.

	ബജറ്റ്	പുതുക്കിയ ബജറ്റ്
മുന്നിരിപ്പ്	5063432	9336092
വരവ്	226098450	213470016
ആകെ	231161882	222806108
ചെലവ്	227346120	212948201
നീക്കിയിരിപ്പ്	3815762	9857907

1-2 വാർഷിക ധനകാര്യ പത്രിക

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി	അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി
31.07.2021	16-08-2021	തിരിച്ചയച്ചിട്ടില്ല

ILGMS സംവിധാനത്തിലേക്ക് മാറുന്നതിന്റെ ഭാഗമായുള്ള സാങ്കേതിക പ്രശ്നങ്ങൾ കാരണമാണ് വാർഷിക ധനകാര്യ പത്രിക സമർപ്പിക്കാൻ കാലതാമസം വന്നത്.

1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ

ചെറുതാഴം ഗ്രാമ പഞ്ചായത്തിന്റെ 2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രികയുമായി ബന്ധപ്പെട്ട് താഴെ ചേർക്കും പ്രകാരമുള്ള അപാകങ്ങൾ കാണുന്നു.

1) വാർഷിക ധനകാര്യ പത്രികയോടൊപ്പം അക്കൗണ്ടിൻമേലുള്ള കുറിപ്പുകൾ. അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്) എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

2) ആസ്തിരജിസ്റ്റർ പൂർത്തീകരിച്ചിട്ടില്ല.

3) കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ ലാപ്സ്ഡ് ഡെപ്പോസിറ്റായി വരവ് വയ്ക്കാതെ അവശേഷിക്കുന്നു. ഇതു സംബന്ധിച്ച് നടപടി സ്വീകരിക്കുമെന്ന് പഞ്ചായത്ത് മറുപടിയിൽ അറിയിച്ചിട്ടുണ്ട്

4) 130100102 എന്ന ഹെഡ്ഡിൽ ചേർത്തിരിക്കുന്ന ലീസ് ഓഫ് ലാൻഡ് ഇനത്തിലുള്ള വരവ് തുക ഡിമാൻഡ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.ഡിമാൻഡ് രജിസ്റ്റർ പൂർണ്ണമാണ്.

5) ടെണ്ടർ ഫോമുകളുടെ സ്റ്റോക്ക്-വിതരണ രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.
6) ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിലുള്ള വരവായി ഐ-1 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ തുക 1711800 ആണ്. എന്നാൽ ആർ.പി. 1 ഷെഡ്യൂളിൽ ₹1694300 ആണ്. ഡിമാൻഡ് രജിസ്റ്റർ പ്രകാരമുള്ള വരവ് ₹1204630 ആണ്. വ്യത്യാസത്തിന്റെ കാരണം വിശദീകരിക്കപ്പെട്ടിട്ടില്ല.
7) ബി4 ഷെഡ്യൂളിലെ 320700405 എന്ന ഹെഡ്ഡിലുള്ള 4,50000 രൂപ നെൽ കൃഷിയ്ക്ക് കൂലി ചെലവ് സബ്സിഡി എന്ന പ്രോജക്ടിനായി 2015-16 വർഷത്തിൽ ലഭിച്ചതാണ്. ഇതു സംബന്ധിച്ച് 2019-20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നതാണ്. ഈ തുക തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ചതിനാൽ ജേണൽ വഴി തുക തനത് ഫണ്ടിലേക്ക് മാറ്റി ക്രമീകരിക്കും എന്നാണ് പഞ്ചായത്തിന്റെ വിശദീകരണം. മറുപടി സാധൂകരിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കേണ്ടതും തുക അതാത് ഹെഡ്ഡിലേക്ക് മാറ്റേണ്ടതുമാണ്.

8) ദുരിതാശ്വാസ നിധി അക്കൗണ്ടിലെ ബാങ്ക് ബുക്ക് / പാസ് ബുക്ക് എന്നിവ പ്രകാരമുള്ള നീക്കിയിരിപ്പ് ₹48541 ആണ് (AC നമ്പർ-301110005479 ചെറുതാഴം സഹകരണ ബാങ്ക്). എന്നാൽ ബാലൻസ് ഷീറ്റ് ബി2 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് ₹70,041 ആണ്. ദുരിതാശ്വാസ നിധി അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടിയിരുന്ന 21500 രൂപ തെറ്റായി തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചതു കൊണ്ടാണ് ഈ അപാകം സംഭവിച്ചത്. പ്രസ്തുത തുക ദുരിതാശ്വാസ നിധിയിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

9) ഭരണ സമിതി അംഗങ്ങളുടെ ഹോണറേറിയം ഇനത്തിലുള്ള ബാധ്യത ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.
10) ബി18 ഷെഡ്യൂൾ പ്രകാരം എൻ.ആർ.ഇ.ജി.എ ഭരണ ചെലവ് ഇനത്തിൽ തനതുഫണ്ടിൽ നിന്ന് നൽകിയ

അഡ്വാൻസിൽ തിരിച്ച കിട്ടേണ്ട തുക 3271148 ആണ്. എന്നാൽ എൻ.ആർ.ഇ.ജി.എ. ക്യാഷ് ബുക്ക് പ്രകാരം ₹7,75,491 ആണ് തിരിച്ച നൽകാനുള്ളത്. വ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കപ്പെട്ടിട്ടില്ല.

11) ഇൻവെസ്റ്റ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയ സ്ഥിര നിക്ഷേപങ്ങളുടെ വിവരങ്ങൾ വാർഷിക ധനകാര്യ പത്രികയുമായി (ബി-12 ഷെഡ്യൂൾ) പൊരുത്തപ്പെടുന്നില്ല. ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ പ്രകാരം വർഷാന്ത്യത്തിലെ സ്ഥിര നിക്ഷേപം ₹1,84,265 ആണ്. വാർഷിക ധനകാര്യ പത്രിക പ്രകാരം ₹1,24,37,450 ആണ്. വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം. രജിസ്റ്ററിൽ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തി പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

12) 2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം ബി1 ഷെഡ്യൂളിൽ Excess Of Income Over Expenditure ആയി ഉണ്ടായിരുന്നത് ₹426,44,134.82 ആയിരുന്നു. 2020-21 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം 9367346 ആണ് തുക. 2020-21 വർഷത്തെ ബി1 ഷെഡ്യൂളിൽ ₹577,51,145 ആണ് Excess Of Income Over Expenditure കണക്കാക്കിയിരിക്കുന്നത്. ഈ വ്യത്യാസം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

13) ജില്ലാ ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഇനത്തിലുള്ള ബാധ്യത തുകകൾ ഏതിനത്തിൽ, ഏതു വർഷം ലഭിച്ചതാണെന്നതു സംബന്ധിച്ചുള്ള വിശദാംശങ്ങൾ ഗ്രാമ പഞ്ചായത്ത് ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം. 11/18.06.2022)

14) ജനറൽ ലഡ്ജർ ട്രയൽ ബാലൻസ് അക്കൗണ്ടിംഗ് റൂൾ പ്രകാരമല്ല പരാമർശിച്ചിട്ടുള്ളത്.

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	9941297
വരവ്	93006063
ആകെ	102947360
ചെലവ്	88577773
നീക്കിയിരിപ്പ്	14369587
വരവ് നഷ്ടം	ഇല്ല
ചെലവ് നഷ്ടം	ഇല്ല
തടസ്സപ്പെടുത്തിയ തുക	2841334

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്/ലാപ്സായതുക
വികസന ഫണ്ട് ജനറൽ	-	14045250	14045250	12785484	1259766
വികസന ഫണ്ട് (എസ്.സി.പി.)	-	3772000	3772000	3772000	-
മെയിന്റനൻസ് ഗ്രാന്റ് റോഡ്	-	17930000	17930000	17903589	26411
മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്	-	4212952	4212952	3962119	250833

സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്)	-	5760000	5760000	1766700	3993300
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്)	-	5760000	5760000	6009941	-249941*
കേന്ദ്രാവിഷ്കൃത ഫണ്ടുകൾ					
ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി	137725	24954068	250971793	25082473	9320
ഐ.സി.ഡി.എസ് (അനു പൂരക പോഷകാഹാരം	65754	1271026	1336780	1149701	187079
എസ്.എസ്.എ	169042	6829	175871	-	175871
എം. പി.ഫണ്ട്	2114	66	2180	-	2180
സ്വച്ഛ് ഭാരത് മിഷൻ	25000	-	-	-	25000
സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ					
വിമുക്തി	32040	-	32040	-	32040
ശുചിത്വ മിഷൻ (320100198)	589066	3284318	3873384	2305876	1567508
പൈക (320100153)	100000	-	100000	-	100000
ഹരിത അവാർഡ്	600000	-	600000	182104	417896
ലൈഫ് മിഷൻ	-	4,40000	440000	2,40,000	200000
കെ.എസ്.എഫ്.ഇ	-	3,10,000	3,10,000	-	3,10,000
കുടുംബ ശ്രീ	-	200000	200000	-	200000
ഗ്രാന്റ് ഫോർ പാൻഡമിക് കൺട്രോൾ	-	82000	82000	-	82000

* സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) മൈനസ് ബാലൻസ് ആയതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല. ആയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കേന്ദ്ര/ സംസ്ഥാനാവിഷ്കൃത ഫണ്ടുകളുടെ വരവ് ചെലവുകൾ സംബന്ധിച്ച് പഞ്ചായത്ത് എ.സി.ആർ സൂക്ഷിച്ചിട്ടില്ല.

ഗ്രാന്റ് വിനിയോഗ പത്രിക

പഞ്ചായത്ത് ഹാജരാക്കിയ ഗ്രാന്റ് സ്റ്റേറ്റ് മെന്റിലെ കേന്ദ്രാവിഷ്കൃത പദ്ധതി തുകകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല. വാർഷിക ധനകാര്യ പത്രിക പ്രകാരം ₹23105319 കേന്ദ്രാവിഷ്കൃത പദ്ധതിയിൽ നീക്കിയിരിപ്പുണ്ട്. എന്നാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ -3285577 ആണ് തുക.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത്	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത്	പൂർത്തീകരിച്ചത്	നടപ്പാക്കാത്തവ	പൂർത്തീകരിച്ച പ്രോജക്ടുകളുടെ

(എണ്ണം)				(എണ്ണം)		(എണ്ണം)	ശതമാനം
201	129318616	160	72922105	63	97	41	48.25

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികളുടെ വിവരം

ക്രമ നം	നിർവ്വഹണ ഉദ്യോഗസ്ഥൻ	പദ്ധതി കളുടെ എണ്ണം	നടപ്പിലാക്കിയത്	അടങ്കൽ തുക	ചെലവഴിച്ച തുക	
1	കൃഷി ഓഫീസർ	15	15	13326611	10526098	78.98
2	വെറ്ററിനറി സർജന്	2	2	300000	276180	92.06
3	മെഡിക്കൽഓഫീസർ(പി.എച്ച്.സി)	5	5	1867950	1865622	99.87
4	മെഡിക്കൽഓഫീസർ(ഹോമിയോ)	2	2	1300000	1300000	100
5	ഫിഷറീസ്എക്സ്റ്റൻഷൻ ഓഫീസർ	2	2	2841000	416267	14.65
6	വി.ഇ.ഒ	22	18	36852750	13282117	36.04
7	ഐ സി ഡിഎസ് സൂപ്പർവൈസർ	8	8	7377125	6632188	89.9
8	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	3	2	2675000	1595000	59.62
9	സെക്രട്ടറി	36	23	16024237	7376084	46.03
10	അസിഎഞ്ചിനീയർ	92	70	43559488	27364470	62.82
11	ഹെഡ് മാസ്റ്റർ	4	4	570000	564456	99.02
12	അസി സെക്രട്ടറി	10	9	2624455	1723623	65.67
	ആകെ	201	160	129318616	72922105	56.38

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണ ചെലവുകൾ	137725	1007068	1144793	1135473	9320
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	23947000	23947000	23947000	0
ആകെ	137725	24954068	25091793	25082473	9320

1-6(1) എം.ജി.എൻ.ആർജി.എസ് പദ്ധതി നിർവഹണം- അപാകങ്ങൾ.

ചെറുതാഴം ഗ്രാമ പഞ്ചായത്തിലെ 2020-21വർഷത്തെ എം.ജി എൻ.ആർ.ഇ.ജി.എസ് പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് താഴെ ചേർക്കും പ്രകാരമുള്ള അപാകങ്ങളുണ്ട്.

1) 2020-21 വർഷത്തിൽ സെമി സ്കിൽഡ് വിഭാഗത്തിലുള്ള തൊഴിലാളികൾക്ക് 700/750 രൂപ നിരക്കിലും സ്കിൽ വിഭാഗത്തിലുള്ള തൊഴിലാളികൾക്ക് 800 രൂപ നിരക്കിലുമായിരുന്നു കൂലി നൽകേണ്ടിയിരുന്നത്. എന്നാൽ പഞ്ചായത്തിൽ രണ്ടു വിഭാഗത്തിനും 800 രൂപ നിരക്കിൽ കൂലി നൽകിയിരിക്കുന്നു.

2) ജി.എസ്.ടി ആക്ട് സെക്ഷൻ 51 അനുസരിച്ച് രണ്ടരലക്ഷം രൂപയിൽ അധികരിക്കുന്ന കരാർ തുക വരുന്ന വാങ്ങൽ

നടത്തുന്ന/സേവനം കൈപ്പറ്റുന്ന സംഗതികളിൽ ബില്ലിൽ /ഇൻവോയ്സിൽ കാണിച്ചിരിക്കുന്ന ടാക്സ് കഴിച്ചുള്ള തുകയുടെ 2% നിരക്കിൽ ടി.ഡി.എസ്.ആയി ജി.എസ്.ടി ഈടാക്കി അടവാക്കേണ്ടതുണ്ട്. എന്നാൽ ചെറുതാഴം ഗ്രാമ പഞ്ചായത്തിൽ മേൽപരാമർശിച്ചതു പ്രകാരമുള്ള പ്രവർത്തികളിൽ ഇപ്രകാരം തുക ഈടാക്കിയിട്ടില്ല.

3) പ്രവൃത്തി ഫയലുകളിൽ സൈറ്റ് ഡയറി സൂക്ഷിച്ചിട്ടില്ല.

4) പദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച് മോണിട്ടറിംഗ് നടത്തിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

5) എഗ്രിമെന്റുകൾ കരാറുകാരന്റെ കൈയ്യൊപ്പ് മാത്രം വാങ്ങിച്ച് വിവരങ്ങൾ രേഖപ്പെടുത്താതെ സൂക്ഷിക്കുകയാണ് ചെയ്തിരിക്കുന്നത്. എഗ്രിമെന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ (എൻക്വയറി നമ്പർ-16/20-06-2022) 2021-22 വർഷം മുതൽ മേൽ പരാമർശിച്ച അപാകങ്ങൾ പരിഹരിച്ചിട്ടുണ്ട് എന്നാണ് പഞ്ചായത്ത് അറിയിച്ചത്. അനർഹമായി അനുവദിച്ച തുകകൾ പരിശോധിച്ച് തിരികെ ഈടാക്കുകയും അപാകങ്ങൾ പരിഹരിച്ച് വിശദമായ മറുപടി ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്.

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

ക്ഷേമ പദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
കർഷക തൊഴിലാളി പെൻഷൻ	30292800	677
തൊഴിൽരഹിത വേതനം	70200	96
വിധവാ പെൻഷൻ	18198400	1213
വാർധക്യകാല പെൻഷൻ	30929300	2331
വികലാംഗ പെൻഷൻ	5560200	372
50 വയസിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ	1198500	84
വിവാഹ ധനസഹായം	300000	10

1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20-06-2022 തീയ്യതിയിൽ (11am) ഗ്രാമ പഞ്ചായത്ത് അസിസ്റ്റൻറ് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6795/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കുറേക്കൂടി മെച്ചപ്പെടുത്തേണ്ടതുണ്ട്. തൻവർഷം ആകെ മൂന്ന് തവണ മാത്രമാണ് ജീവനക്കാരുടെ യോഗം ചേർന്ന് ഓഫീസ് പ്രവർത്തനം അവലോകനം ചെയ്തിട്ടുള്ളത്. ഫ്രണ്ട് ഓഫീസ് പ്രവർത്തനം അവലോകനം ചെയ്തിട്ടില്ല. രജിസ്റ്ററുകളുടെ പരിപാലനം കുറ്റമറ്റതല്ല. ഇൻവെസ്റ്റ്മെൻറ് രജിസ്റ്റർ, വിവിധ സ്റ്റോക്ക് രജിസ്റ്ററുകൾ, പ്രോക്യുയർമെൻറ് കമ്മറ്റി മിനുട്സ് ബുക്ക് എന്നിവ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. ടെണ്ടർ ഫോം ഇനത്തിലുള്ള വരവിന്റെ കൃത്യത പരിശോധിക്കുന്നതിനായി രജിസ്റ്റർ സൂക്ഷിക്കുന്നില്ല. കേന്ദ്ര/സംസ്ഥാനാവിഷ്കൃത പദ്ധതി ഫണ്ടുകളുടെയും സംയുക്ത പദ്ധതികൾക്കായി ലഭിച്ച തുകയുടെയും വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ നിരീക്ഷിക്കുന്നതിനായി എ.സി.ആർ സൂക്ഷിച്ചിട്ടില്ല. സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികളുടെ ഫയലുകൾ അനുബന്ധ വൗച്ചറുകൾ ഉൾപെടുത്താതെയാണ് ഓഡിറ്റിന് ഹാജരാക്കിയിരിക്കുന്നത്. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

പദ്ധതി മാർഗ്ഗ രേഖ പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മറ്റികളായി പ്രവർത്തിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ടെങ്കിലും മോണിറ്ററിംഗ് ഫലപ്രദമല്ല എന്നാണ് പദ്ധതികളുടെ ഫയൽ പരിശോധനയിൽ നിന്നും വ്യക്തമാകുന്നത്. മോണിറ്ററിംഗ് ഫലപ്രദമാക്കേണ്ടതിലേക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-10 വസ്തുനികുതി അപാകതകൾ

കെട്ടിടങ്ങളുടെ വസ്തുനികുതി ചുമത്തുന്നതുമായി ബന്ധപ്പെട്ട് സ.ഉ (അ)19/2011/തസ്വഭവ തീയതി 14-1-2011 പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ ചില ഭാഗങ്ങൾ കൂടി ഉൾപ്പെടുത്തി സ.ഉ(അ) നമ്പർ 36/2015/തസ്വഭവ തീയതി 24-2-2015 പ്രകാരം ഭേദഗതി ചെയ്തിട്ടുണ്ട്. ആയതിനൊപ്പം ആയുർവേദ സുഖ ചികിത്സാകേന്ദ്രങ്ങൾ എന്ന വിഭാഗത്തിൽ പെടുന്ന കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കൂടിയതും കുറഞ്ഞതുമായ നിരക്ക് എത്രയാണെന്ന്

നിഷ്കർഷിച്ചിട്ടുണ്ട്. (കുറഞ്ഞ നിരക്ക് 150 ,കൂടിയ നിരക്ക് 160). ആയതിനനുസരിച്ച് ഓരോ പഞ്ചായത്തും അതത് പഞ്ചായത്തുകൾക്ക് ബാധകമാവുന്ന അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ച് വിജ്ഞാപനം ചെയ്യേണ്ടതാണ്. സഞ്ചയ സോഫ്റ്റ് വെയറിലെ അടിസ്ഥാന നികുതി നിരക്കുകൾ പരിശോധിച്ചതിൽ ആയുർവേദ സുഖ ചികിത്സാകേന്ദ്രങ്ങൾ എന്ന വിഭാഗത്തിന് പഞ്ചായത്തിന് ബാധകമായ നിരക്ക് എത്രയാണെന്ന് രേഖപ്പെടുത്തിയിട്ടില്ല. ആയുർവേദ സുഖ ചികിത്സാകേന്ദ്രങ്ങൾക്ക് ബാധകമാവുന്ന അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാനായി ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം7 തീയതി 17.06.22)സഞ്ചയ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തുന്നതിന് IKM ന് നിർദ്ദേശം നൽകുന്നതാണെന്നും, പഞ്ചായത്ത് ഭരണസമിതി അംഗീകാര പ്രകാരം വസ്തുനികുതി നിരക്ക് നിശ്ചയിച്ച് വിജ്ഞാപനം ചെയ്യുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

2. 2020-21 കാലയളവിലെ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ പരിശോധിച്ചതിൽ , ശ്രീ.ബെന്നി തോമസ്, വടക്കേൽ ഹൗസ്, അലക്യംപാലം, വിളയാങ്കോട് എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള വുഡ്ഗ്രീൻസ് ആയുർവേദ & വെൽനസ് റിസോർട്ട് എന്ന സ്ഥാപനം 2020 ജൂൺ മാസം രജിസ്ട്രേഷൻ പുതുക്കിയിട്ടുണ്ട്. മേൽ പറഞ്ഞ സ്ഥാപനത്തിന്റെ ഉപയോഗക്രമം, വസ്തു നികുതി എന്നിവ സഞ്ചയ പ്രകാരം, പരിശോധിച്ചതിൽ ഹോംസ്റ്റേ എന്ന വിഭാഗത്തിലാണ് നികുതി നിശ്ചയിച്ചിട്ടുള്ളത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

കെട്ടിട നം	അളവ് ച.മീ	തരം	നിശ്ചയിച്ച നികുതി
7/7111B	376.74	ഹോംസ്റ്റേ	23735
7/711C	62.62	"	3382
7/711D	45.91	"	2755

ആയുർവേദ ചികിത്സാകേന്ദ്രം എന്നാവശ്യത്തിലേക്കായി രജിസ്ട്രേഷൻ എടുത്തിട്ടുള്ള മേൽ സ്ഥാപനത്തിന്റെ ഉയോഗക്രമത്തിനനുസരിച്ച് വസ്തുനികുതി പുനർ നിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം7 തീയതി 17.06.22) മേൽ പറഞ്ഞ സ്ഥാപനത്തിന്റെ ഉപയോഗം ഫീൽഡ് പരിശോധന നടത്തി ഉറപ്പ് വരുത്തുന്നതും ആയത് പ്രകാരം വസ്തുനികുതി പുനർ നിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതുമാണെന്ന് അറിയിച്ചിട്ടുണ്ട്.

1-11 ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 17 വാർഡുകളിലായി 827 സ്ഥാപനങ്ങളാണുള്ളത്. സഞ്ചയ സോഫ്റ്റ് വെയറിലെ കണക്കുകൾ പ്രകാരം വാണിജ്യം, വ്യവസായം എന്നീ ഉപയോഗക്രമങ്ങളിലായി മൂവായിരത്തി അഞ്ഞൂറിലധികം കെട്ടിടങ്ങൾ ഉണ്ട്. യഥാർത്ഥത്തിൽ പഞ്ചായത്ത് പരിധിയിലുള്ള വ്യാപാരസ്ഥാപനങ്ങളുടെയും നടത്തിപ്പുകാരുടെയും കൃത്യമായ വിവരങ്ങൾ ലഭ്യമല്ലാത്തിനാൽ എഫ്.ടി. ഇ & ഒ.എസ് ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നീ ഇനങ്ങളിൽ വരുമാന ചോർച്ച സംഭവിക്കാൻ ഇടയുണ്ട്. ഗ്രാമ പഞ്ചായത്തിലുള്ള 17 വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ഗ്രാമപഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഫലപ്രദമായ ഇടപെടൽ ഉണ്ടാവേണ്ടതുണ്ട്.

1-12 ഇ ടെണ്ടർ - ടെണ്ടർ ഫീസ് തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിലെ അഞ്ച് ലക്ഷം രൂപക്ക് മുകളിലുള്ള പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ നടപടിക്രമങ്ങളുടെ ഭാഗമായി ടെണ്ടർ ഫാറം വില്പന ഇനത്തിലുള്ള തുക കണ്ണൂർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലേക്കാണ് ക്രെഡിറ്റ് ചെയ്യപ്പെട്ടു വന്നിരുന്നത്. ഈയിനത്തിൽ താഴെ ചേർക്കും പ്രകാരമുള്ള തുക ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ടതുണ്ട്.

വർഷം	തുക
2017-18	25872
2018-19	162866

2019-20	92659
2020-21	172072
ആകെ	453469

മേൽ പരാമർശിച്ചു പ്രകാരമുള്ള തുക ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലേക്ക് കൈമാറി കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-13 പഞ്ചായത്ത് തലത്തിൽ ഫുട്ബോൾ ടീം-മാർഗ്ഗരേഖയിൽ അധികരിച്ച് തുക നൽകി-₹30,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	ഹെഡ്മാസ്റ്റർ
പ്രൊജക്ട് നം	95/20-21
പ്രൊജക്ടിന്റെ പേര്	പഞ്ചായത്ത് തലത്തിൽ ഫുട്ബോൾ ടീം
അടങ്കൽ	50,000വികസന ഫണ്ട്(പൊതുവിഭാഗം) 10,000 തനത് ഫണ്ട്
ചെലവ്	50,000വികസന ഫണ്ട്(പൊതുവിഭാഗം) 10,000 തനത് ഫണ്ട്
ബിൽ നം/തിയതി	₹50,000-314/26.03.21(എ.സി.ആർ പ്രകാരം) ₹10,000- ചെക്ക് നം027586 (വൗച്ചർ നം 22000446/30.3.21)

ചെറുതാഴം ഗ്രാമപഞ്ചായത്തിലെ യുവജനങ്ങളുടെ കായികക്ഷമത വളർത്തുന്നതിനായി പഞ്ചായത്ത് തലത്തിൽ ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോടെ 15 വയസ്സിനും 18 വയസ്സിനും ഇടയിലുള്ളവരുടെ ഫുട്ബോൾ ടീം ഉണ്ടാക്കുന്നതിനാണ് പ്രൊജക്ട്. ഫയൽ പ്രകാരം 24 പേർക്ക് ശ്രീ.മധുസൂദനൻ ടി.പി എന്നവരുടെ നേതൃത്വത്തിൽ 30 ദിവസം ട്രെയിനിംഗ് നടത്തിയിട്ടുണ്ട്. പരിശീലകന് -₹30,000,ഭക്ഷണം-₹12,650, സ്പോർട്സ് ഉപകരണങ്ങൾ, ജഴ്സി എന്നിവയ്ക്ക് -₹17,350 എന്നിങ്ങനെയാണ് ചെലവുകൾ വന്നിരിക്കുന്നത്. സ.ഉ(കൈ)നം.22/2018/തസ്വഭവ തിയതി:14.2.18 ഖ.7.6.2 പ്രകാരം പ്രാദേശിക ക്ലബുകളെ ഉൾപ്പെടുത്തി സെലക്ഷൻ ട്രയൽസ് കം ചാമ്പ്യൻഷിപ് നടത്തിയാണ് ഓരോ ഗെയിമിനുമുള്ള ടീമിനെ ഗ്രാമപഞ്ചായത്ത് കണ്ടെത്തേണ്ടത്. ഖ.7.6.2(7) പ്രകാരം ടീമിനെ പരിശീലിപ്പിക്കുന്നതിനായി സെലക്ഷൻ ട്രയൽസ്, തെരഞ്ഞെടുക്കപ്പെടുന്ന ടീമിന് ഒരു മാസത്തെ പരിശീലനം, ടീം അംഗങ്ങൾക്ക് സർട്ടിഫിക്കറ്റ് യൂണിഫോം, ക്യാഷ് അവാർഡ്, ട്രോഫി, റിഫ്രഷ്മെന്റ്, ട്രെയിനറുടെ പ്രതിഫലം എന്നിവയുൾപ്പെടെ ഗെയിമൊന്നിന് ₹30,000 രൂപ ചെലവഴിക്കാവുന്നതാണ്. എന്നാൽ മേൽ പ്രൊജക്ടിൽ ₹60,000 ചെലവഴിച്ചിട്ടുണ്ട്. അപാകം ചൂണ്ടിക്കാണിച്ച് നൽകിയ എൻക്വയറിക്ക്(നം.2/15.6.22) പ്രസ്തുത പ്രൊജക്ട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെയും ജില്ലാ ആസൂത്രണസമിതിയുടെയും വെറ്റിംഗ് ഓഫീസറുടെയും അംഗീകാരം ലഭിച്ചിട്ടുള്ളതാണെന്നും ആയതിന്റെ അടിസ്ഥാനത്തിലാണ് തുക ചെലവഴിച്ചിരിക്കുന്നതെന്നും പരിശീലനം നേടിയ ടീം നിലവിൽ മത്സരങ്ങളിൽ പങ്കെടുക്കുന്നുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. മാർഗ്ഗരേഖയിൽ അധികരിച്ച് അനുവദിച്ച ₹30,000 യുടെ ചെലവ് പ്രാദേശികമായി കണ്ടെത്താമായിരുന്നുവെങ്കിലും വികസന ഫണ്ട്, തനത് ഫണ്ട് എന്നിവയിൽ നിന്നാണ് നൽകിയിരിക്കുന്നത്. മാർഗ്ഗരേഖയിൽ പരാമർശിച്ച തുകയേക്കാൾ അധികരിച്ച തുക വികസനഫണ്ട്, തനത് ഫണ്ട് എന്നിവയിൽ നിന്നും ചെലവഴിച്ചത് ശരിയായ നടപടിയല്ല. ആയതിനാൽ ₹30,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-14 മാർക്കറ്റ് ബസ്സ്റ്റാൻറ് ഉൾപെടെയുള്ള സ്ഥലം ശുചീകരണം സബ് വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. 669300/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്റ്റ് നം	83/21
പ്രോജക്റ്റിന്റെ പേര്	മാർക്കറ്റ് ബസ്സ്റ്റാൻറ് ഉൾപെടെയുള്ള സ്ഥലം ശുചീകരണം
അടങ്കൽ	800000/-(തനത്ഫണ്ട്)

ചെലവ്	669300/-
ബിൽ നം/തിയതി	371/31.03.2021

ഏഴിലോട് മാർക്കറ്റ്, പിലാത്തറ ബസ്റ്റാൻറ്, പരിയാരം ടൗൺ എന്നീസ്ഥലങ്ങൾ ഹൈവേ പരിസരങ്ങൾ എന്നിവ ശുചീകരിക്കുവാനും മാർക്കറ്റിൽ നിന്നും മലിന ജലം ടെണ്ടർ/ക്വട്ടേഷൻ പ്രകാരം വാഹനത്തിൽ കയറ്റി പിലാത്തറ ശാന്തി നിലയം ബയോഗ്യാസ് പ്ലാന്റിൽ ഒഴുക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് തയ്യാറാക്കിയ മേൽ പ്രോജക്ട് നടപ്പിലാക്കുന്നതിനായി താഴെ പറയുന്നവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് ബിൽ നം/തിയതി 371/31.03.2021 പ്രകാരം ₹669300/- കൈമാറിയിട്ടുണ്ട്.

ഗ്രേസി.കെ -₹171900/-

രാജേഷ്.സി - ₹153600/-

ജാൻതി ബാബു – ₹ 171900/-

ഇന്ദിര.കെ.വി - ₹171900/-

ആകെ - ₹669300/-

ചെലവിന്റെ സബ് വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ 669300/-തടസ്സപ്പെടുത്തുന്നു. ചെലവിന്റെ അനുബന്ധ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-15 സ്ട്രീറ്റ് ലൈറ്റ് വാങ്ങൽ അനുബന്ധ രേഖകൾ ഹാജരാക്കിയിട്ടില്ല.ചെലവ് തുക 4,62199 /-തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

പ്രോജക്റ്റ് നം	157/21
പ്രോജക്റ്റിന്റെ പേര്	സ്ട്രീറ്റ് ലൈറ്റ് വാങ്ങൽ
അടങ്കൽ ₹468982	327945/- ധനകാര്യ കമ്മീഷൻ ഗ്രാന്റ് 141037/-തനത് ഫണ്ട്
ചെലവ് ₹462199	327945/-- ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ബിൽ നം.162/17-01-21) 134254/-തനത് ഫണ്ട് (വൗച്ചർ നം. 22000121/24-11-20)

പദ്ധതി നടപ്പിലാക്കുന്നതിനായി ക്രൂസിന് മുകളിൽ പറഞ്ഞ പ്രകാരം 4,62199 /- കൈമാറിയിട്ടുണ്ട്. കരാർ പ്രകാരം ക്രൂസിന്റെ തെരുവ് വിളക്ക് യൂണിറ്റായ കേരള ഗ്രാമ ജ്യോതി ലൈറ്റിംഗ് ഉൽപ്പാദിപ്പിക്കുന്ന 18 വാട്ട് എൽ ഇ ഡി ലൈറ്റുകൾ പഞ്ചായത്ത് നൽകുന്ന സപ്ളൈ ഓർഡർ പ്രകാരം വിതരണം ചെയ്ത് സ്ഥാപിക്കുവാനാണ് വ്യവസ്ഥ ചെയ്തിരുന്നത്.

ഇതു സംബന്ധിച്ച താഴെ പറയുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1.ഇലക്ട്രിക്കൽ പോസ്റ്റിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് KSEB യുടെ അനുമതിക്കു വേണ്ടി അസി.എഞ്ചിനിയർക്ക് കത്ത് നൽകിയതിന് രേഖകൾ.

2.സപ്ളൈ ഓർഡർ നൽകിയതിന്റെ വിവരം

3.ക്യാഷ് ഇൻവോയ്സ്

4. തെരുവ് വിളക്ക് സ്ഥാപിച്ചതു സംബന്ധിച്ച ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ്

5.ഏതെല്ലാം വാർഡുകളിലാണ് തെരുവ് വിളക്ക് സ്ഥാപിച്ചത്, എത്ര തെരുവ് വിളക്കുകൾ സ്ഥാപിച്ചു എന്നതു സംബന്ധിച്ച രേഖകൾ

6.കരാറുകാരനിൽ നിന്നും ആദായ നികുതിയിനത്തിൽ TDS ഈടാക്കാതെയാണ് തുക അനുവദിച്ചിരിക്കുന്നത്.

രേഖകളുടെ അഭാവത്തിൽ ചെലവ് തുക 4,62199 /-തടസ്സപ്പെടുത്തുന്നു. മേൽ പറഞ്ഞ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-16 സ്ട്രീറ്റ് ലൈറ്റ് വാർഷിക അറ്റകുറ്റപ്പണിക്ക് കരാറിൽ ഏർപ്പെടൽ-ചെലവിന്റെ വിശദവിവരം ഹാജരാക്കിയില്ല 156000/- തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് നം	125/21
പ്രോജക്റ്റിന്റെ പേര്	സ്ട്രീറ്റ് ലൈറ്റ് വാർഷിക അറ്റകുറ്റപ്പണി-കരാറിൽ ഏർപ്പെടൽ
അടങ്കൽ	156000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ്
ചെലവ്	156000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ്
ബിൽ നം/തിയതി	1/11-04-20

പ്രവൃത്തി നടപ്പിലാക്കുന്നതിനായി ടെണ്ടർ നടപടി പ്രകാരം കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരനായ ശ്രീലേഷ് സിക്ക് 156000/- രൂപ കൈമാറിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പ്രവൃത്തിയുടെ എഗ്രിമെന്റ് ഹാജരാക്കിയിട്ടില്ല.

2. രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ്, പരാതി രജിസ്റ്റർ, റിപ്പയർ രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3. തെരുവ് വിളക്കുകളുടെ സ്ഥിതിവിവരകണക്കുകൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

4. കരാറുകാരനിൽ നിന്നും ആദായ നികുതി 1% TDS ആയി ഈടാക്കാതെയാണ് തുക അനുവദിച്ചിരിക്കുന്നത്.

5. പ്രോജക്റ്റിൻറെ പകർപ്പ് ഹാജരാക്കിയിട്ടില്ല.

6. അറ്റകുറ്റപ്പണി നടത്തിയതിന്റെ വിശദവിവരം ലഭ്യമാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 12/18.06.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവു തുക 156000/- ഓഡിറ്റൽ തടസ്സപ്പെടുത്തുന്നു.

1-17 വെള്ളക്കരം അടക്കൽ-വിശദ വിവരം ഹാജരാക്കിയില്ല

പ്രോജക്റ്റ് നം	78/21
പ്രോജക്റ്റിന്റെ പേര്	വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം അടക്കൽ
അടങ്കൽ	₹531000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ്
ചെലവ്/ ബിൽ നം.തിയതി	₹530256/-ബിൽ നം.121/23.10.20-₹44188 ബിൽ നം.142/24.11.20-₹44188 ബിൽ നം.178/16.01.21-₹309316 ബിൽ നം.190/25.01.21-₹44188 ബിൽ നം.230/22.02.21-₹88376

ഗ്രാമപഞ്ചായത്തു പരിധിയിലെ 101 പൊതു ടാപ്പുകൾക്ക് വെള്ളക്കരം ഒടുക്കുന്നതിനായി ടാപ്പൊന്നിന് ₹5250 നിരക്കിൽ ₹5,30,256 ധനകാര്യ കമ്മീഷൻ ഗ്രാൻറിൽ നിന്ന് വകയിരുത്തുകയും തുക വാട്ടർ അതോറിറ്റിയിൽ ഒടുക്കുകയും ചെയ്തിട്ടുണ്ട്. സ്ട്രീറ്റ് വാട്ടർ ടാപ്പ് രജിസ്റ്റർ, പ്രവർത്തന ക്ഷമമായ വാട്ടർ ടാപ്പുകൾ കണ്ടെത്തുന്നതിന് വാട്ടർ അതോറിറ്റിയുമായി ചേർന്ന് നടത്തിയ സംയുക്ത പരിശോധന നടത്തിയിട്ടുണ്ടോ എന്ന വിവരം തുടങ്ങിയവ ലഭ്യമാക്കിയിട്ടില്ല. വാട്ടർ അതോറിറ്റിയുടെ 2/2021 മാസത്തെ ഡിമാൻഡ് നോട്ടീസ് പ്രകാരം ജനവരി മാസാവസാനം ₹1249537 കുടിശ്ശികയുണ്ട്. കുടിശ്ശിക വരാനിടയായ സാഹചര്യം വ്യക്തമാക്കിയിട്ടില്ല. ആയത് അറിയിക്കേണ്ടതാണ്. കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി പ്രവർത്തന ക്ഷമമായ ടാപ്പുകൾക്ക് മാത്രമാണ് വെള്ളക്കരം ഒടുക്കുന്നത് എന്നുറപ്പ് വരുത്തേണ്ടതും രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നം. 13/18.06.2022)

1-18 പഞ്ചായത്ത് ഓഫീസിലെ റെക്കോർഡ് റൂം ഫർണ്ണിഷിംഗ്-സ്റ്റോക്ക് എൻട്രി വരുത്തിയിട്ടില്ല

പ്രോജക്റ്റ് നം	159/21
പ്രോജക്റ്റിന്റെ പേര്	പഞ്ചായത്ത് ഓഫീസിലെ റെക്കോർഡ് റൂം ഫർണ്ണിഷിംഗ് (സ്റ്റീൽ ഓവർ)
അടങ്കൽ	565474/-(തനത് ഫണ്ട്)
ചെലവ് വൗ.നം/തിയതി	555970/-(തനത് ഫണ്ട്) 22000295/3-02-21

പദ്ധതി നടപ്പിലാക്കുന്നതിനായി റബ്കോയിൽ നിന്നും 555970/- ചെലവഴിച്ച് WOODEN SHELF കൾ വാങ്ങിയിട്ടുണ്ട്. (ഇൻവോയ്സ് നം. RHW/20-21/57 തീയ്യതി.29-06-20) സ്റ്റോക്ക് രജിസ്റ്ററിൽ എൻട്രി വരുത്തിയിട്ടില്ല. ഷെൽഫുകൾ വാങ്ങുന്നതു സംബന്ധിച്ച ഭരണ സമിതി തീരുമാനം ലഭ്യമാക്കിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-19 ചെലവ് രേഖകൾ ഹാജരാക്കിയില്ല ₹1378835 തടസ്സത്തിൽ വെക്കുന്നു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളുടെ ചെലവു രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

പ്രോജക്ടിന്റെ പേര്/	നം.	ചെലവഴിച്ച തുക
സ്ട്രീറ്റ് ലൈറ്റ് വാർഷിക അറ്റകുറ്റപ്പണി കരാറിൽ ഏർപ്പെടൽ	116/21	350000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ്
മാർക്കറ്റ് ബസ്റ്റാൻറ് ഉൾപെടെയുള്ള സ്ഥലം ശുചീകരണം	152/21	479140/-ധനകാര്യ കമ്മീഷൻ ഗ്രാന്റ്
കൊവ്വപ്പുറം ചെമ്പല്ലിക്കുണ്ട് സ്ട്രീറ്റ് മെയിൻ ലൈൻ വലിക്കൽ	236/21	278924(തനതു ഫണ്ട്)
സ്ട്രീറ്റ് ലൈറ്റ് ചാർജ്ജ് അടക്കൽ	151/21	40520 (മെയിന്റനൻസ് ഫണ്ട്-റോഡിതരം)
ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ	143/21	149313 (വികസന ഫണ്ട് -പൊതു വിഭാഗം)
പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറുകൾ വാങ്ങൽ	142/21	80938(വികസന ഫണ്ട്)
ആകെ	1378835	

ഇതു സംബന്ധിച്ച നൽകിയ എൻക്വയറിക്ക് (15/18.06.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവു രേഖകളുടെ അഭാവത്തിൽ 1378835/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-20 കൃഷി ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങിയത് -സെൻട്രലൈസ്ഡ് പ്രൊക്യൂർമെന്റ് സംവിധാനം ഉപയോഗിച്ചില്ല-₹1,45,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ	കൃഷി ഓഫീസർ
പ്രോജക്ട് നം.	234/20-21
പ്രോജക്ടിന്റെ പേര്	കൃഷി ഭവനിൽ കമ്പ്യൂട്ടർ, പ്രിന്റർ, ഇൻവർട്ടർ വാങ്ങൽ
അടങ്കൽ	1,45,462തനത് ഫണ്ട്
ചെലവ്	1,45,000

ചെക്ക് നം/തിയതി	6884818/22.3.21

കൃഷി ഓഫീസിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ, ഇൻവെർട്ടർ എന്നിവ വാങ്ങുന്നതിനാണ് മേൽ പ്രൊജക്റ്റ്. മത്സരാധിഷ്ഠിത ടെണ്ടർ മുഖേന എലൈറ്റ് ഇലക്ട്രിക്കൽസ് ചക്കരക്കൽ എന്ന സ്ഥാപനത്തിൽ നിന്നാണ് ഉപകരണങ്ങൾ വാങ്ങിയിരിക്കുന്നത്.(ഇൻവോയ്സ് നം.51/16.3.21)

ഇനം	എണ്ണം	വില	
ഡെസ്ക്ടോപ് കമ്പ്യൂട്ടർ	3	₹33000	₹99000
പ്രിന്റർ	1	₹5999	₹5999
ഇൻവെർട്ടർ	1	₹40,000	₹40,000
		ആകെ	1,44,999

ചെലവുരേഖകൾ പരിശോധിച്ചതിൽ നിന്ന് താഴെപ്പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

എ)ജി.ഒ(പി) നം.10/2019/എസ്.പി.ഡി. തി:22.08.19, സർക്കുലർ നം.ഐ.റ്റി.സെൽ -1/26/2019/വി.സ.വ തി:18.3.19 എന്നീ ഉത്തരവുകൾ അനുസരിച്ച് സർക്കാർ വകുപ്പുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സർക്കാർ ആവിഷ്കരിച്ചിട്ടുള്ള സെൻട്രലൈസ്ഡ് പ്രൊക്യൂർമെന്റ് സംവിധാനത്തിലൂടെ മാത്രമേ ഐ.ടി. ഉപകരണങ്ങൾ വാങ്ങാൻ പാടുള്ളൂ. ആയതിന് മറ്റു രീതികൾ അനുവദനീയമല്ല. എന്നാൽ മേൽ ഉപകരണങ്ങൾ മത്സരാധിഷ്ഠിത ടെണ്ടർ മുഖേനയാണ് വാങ്ങിയിരിക്കുന്നത്. CPRCS പോർട്ടലിലെ തുകയേക്കാൾ ഉയർന്ന തുകയ്ക്കാണോ വാങ്ങൽ നടത്തിയതെന്ന് വ്യക്തമല്ല.
ബി) ലഭിച്ച ഉപകരണങ്ങളുടെ സ്പെസിഫിക്കേഷൻ, പ്രവർത്തന ക്ഷമത എന്നിവ ക്ഷമതയുള്ള ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.
സി) ഗ്രാമപഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനത്തിന്റെ ഓഫീസിലേക്ക് 3 ഡെസ്ക്ടോപ് കംപ്യൂട്ടറുകൾ വാങ്ങി നൽകേണ്ടതിന്റെ ആവശ്യകത ഉണ്ടായിരുന്നോയെന്ന് വ്യക്തമല്ല.
ഡി)മേൽ തീരുമാനം അംഗീകരിക്കുന്ന പ്രൊക്യൂർമെന്റ് കമ്മിറ്റി/ഭരണസമിതി തീരുമാനങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
മേൽ അപാകങ്ങൾ ചൂണ്ടിക്കാണിച്ച് നൽകിയ എൻക്വയറിക്ക്(8/17/6/22)മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സാഹചര്യത്തിൽ ₹1,45,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-21 ഭൂരഹിത ഭവനരഹിതർക്കുള്ള ലൈഫ് ഭവനപദ്ധതി-ആദ്യ ഗഡു വാങ്ങിയ ഗുണഭോക്താക്കൾ ഭവനനിർമ്മാണം തുടങ്ങിയില്ല.

വി.ഇ.ഒ നിർവ്വഹണം നടത്തിയ ഭൂരഹിത ഭവനരഹിതർക്കുള്ള ലൈഫ് ഭവനപദ്ധതി എന്ന പ്രൊജക്ടിലെ താഴെക്കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾ പഞ്ചായത്തിൽ നിന്ന് ഭൂമി ലഭിക്കുകയും ആ ഭൂമിയിൽ ഭവന നിർമ്മാണം നടത്തുന്നതിനായി ആദ്യ ഗഡു ആയ ₹40,000 കൈപ്പറ്റുകയും ചെയ്തവരാണ്.

1.ലൈഫ് മിഷൻ-ഭൂരഹിത ഭവനരഹിതർക്ക് ഭവനനിർമ്മാണം(പട്ടികജാതി)

പ്രോജക്റ്റ് നം	3/20-21
അടങ്കൽ	754400വികസന ഫണ്ട്(എസ്.സി.പി) 1800000 സംസ്ഥാനാവിഷ്കൃത ഫണ്ട് 2000000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം 2645600 ജില്ലാ പഞ്ചായത്ത് വിഹിതം ആകെ-7200000
ചെലവ്	754400വികസന ഫണ്ട്(എസ്.സി.പി) 240000 സംസ്ഥാനാവിഷ്കൃത ഫണ്ട് 197794 ബ്ലോക്ക് പഞ്ചായത്ത് വിഹിതം 387806 ജില്ലാ പഞ്ചായത്ത് വിഹിതം ആകെ-1580000

ബിൽ നം 278/18.3.21(എ.സി.ആർ.) പ്രകാരം സീന പി (വാർഡ് നം.11)എന്ന ഗുണഭോക്താവിന് ₹40,000 രൂപ ആദ്യ

ഗഡു നൽകിയിട്ടുണ്ട്. ഗുണഭോക്താവുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിയും തിയതി രേഖപ്പെടുത്തിയിട്ടില്ല.

2.ലൈഫ് മിഷൻ-ഭൂരഹിത ഭവനരഹിതർക്ക് ഭവനനിർമ്മാണം(ജനറൽ)

പ്രോജക്റ്റ് നം	63/20-21
പ്രൊജക്ടിന്റെ പേര്	ലൈഫ് മിഷൻ-ഭൂരഹിത ഭവനരഹിതർക്ക് ഭവനനിർമ്മാണം(ജനറൽ)
അടങ്കൽ	2686200വികസന ഫണ്ട്(പൊതുവിഭാഗം) 2900000 സംസ്ഥാനാവിഷ്കൃത ഫണ്ട് 3000000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം 2773800 ജില്ലാ പഞ്ചായത്ത് വിഹിതം ആകെ-9360000
ചെലവ്	2630800വികസന ഫണ്ട്(പൊതുവിഭാഗം) 640000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം ആകെ-3270800

മേൽ പദ്ധതിയിൽ ഉൾപ്പെട്ട ഖദീജ ടി.വി, ആയിഷ സി എന്നീ ഗുണഭോക്താക്കൾക്ക് കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്തിൽ നിന്നാണ് ഭൂരഹിത ഭവനരഹിത വിഭാഗത്തിൽ ഉൾപ്പെടുത്തി ഭൂമി അനുവദിച്ച് നൽകിയിട്ടുള്ളത്. ചെറുതാഴം പഞ്ചായത്തിൽ ഭൂമി അനുവദിച്ചതിനാൽ നിലവിൽ ഈ പഞ്ചായത്തിലെ ഗുണഭോക്താക്കളാണ്.ബിൽ നം 240/25.2.21(എ.സി.ആർ.) പ്രകാരം മേൽ ഗുണഭോക്താക്കൾക്ക് ₹40,000 വീതം മുൻകൂർ നൽകിയിട്ടുണ്ട്.

ഗുണഭോക്താക്കളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിലും തിയതി രേഖപ്പെടുത്തിയിട്ടില്ല.

ഗുണഭോക്താക്കളുമായി പഞ്ചായത്ത് ഉണ്ടാക്കിയ കരാർ പ്രകാരം കരാറിൽ ഏർപ്പെട്ട് 6 മാസത്തിനകം നിർമ്മാണം പൂർത്തിയാക്കേണ്ടതാണ്. എന്നാൽ പ്രസ്തുത ഗുണഭോക്താക്കൾ ഭവനനിർമ്മാണം തുടങ്ങിയോയെന്ന് വ്യക്തമല്ല. ടി ഗുണഭോക്താക്കളുടെ ഭവനത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (19/20.6.22) മൂന്നും പേരും നിലവിൽ തറനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല എന്നാണ് മറുപടി നൽകിയിട്ടുള്ളത്. സംസ്ഥാനത്തെ എല്ലാവർക്കും സുരക്ഷിത ഭവനം എന്ന ലക്ഷ്യത്തോടെ സർക്കാർ ആരംഭിച്ച മേൽ പദ്ധതിയിൽ നിന്ന് ആനുകൂല്യം കൈപ്പറ്റുകയും എന്നാൽ ഭവന നിർമ്മാണം ആരംഭിക്കാതിരിക്കുകയും ചെയ്യുന്നത് ഗുണഭോക്താക്കളുടെ ഭാഗത്തു നിന്നുള്ള ഗുരുതരമായ വീഴ്ച തന്നെയാണ്. അതിനാൽ ഭവന നിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കാൻ അവർക്ക് നിർദ്ദേശം നൽകുകയും അതിന് തയ്യാറാകാത്ത പക്ഷം തുക തിരിച്ചടപ്പിക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാവുന്നതുമാണ്.

1-22 സാക്ഷരതാ തുല്യതാ പരീക്ഷ - തുടർപ്രവർത്തനം-തുടർ നടപടി സംബന്ധിച്ച്

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്റ്റ് നം	118/21
പ്രോജക്റ്റിന്റെ പേര്	സാക്ഷരതാ തുല്യതാ പരീക്ഷ – തുടർപ്രവർത്തനം
അടങ്കൽ	50000 (തനത് ഫണ്ട്)
ചെലവ്/ വൗച്ചർ നം.തിയതി	24550/- 22000162/31-12-2020

ചെറുതാഴം തുടർ വിദ്യാകേന്ദ്രത്തിൽ 2020 ൽ പത്താം തരം തുല്യതാ കോഴ്സിനു രജിസ്റ്റർ ചെയ്ത 9 പഠിതാക്കളുടേയും, ഹയർ സെക്കന്ററി കോഴ്സിനു രജിസ്റ്റർ ചെയ്ത 4 പഠിതാക്കളുടേയും കോഴ്സ് ഫീ തുക 24550/-(യഥാക്രമം1750/-,2200/- നിരക്കിൽ) സാക്ഷരതാ മിഷന് കൈമാറിയിട്ടുണ്ട്. എന്നാൽ തുടർ നടപടികളുടെ വിവരം ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (18/20.6.22) മറുപടി ലഭ്യമാക്കിയിട്ടില്ല. പഠിതാക്കൾ കോഴ്സ് പൂർത്തിയാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

1-23 ഐ കെ എം പ്രവർത്തന ഫണ്ട് കൈമാറൽ - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്റ്റ് നം	2/21
പ്രോജക്റ്റിന്റെ പേര്	ഐ കെ എം പ്രവർത്തന ഫണ്ട് കൈമാറൽ
അടങ്കൽ	71168/- (വികസന ഫണ്ട്,ജനറൽ)
ചെലവ്/ ബിൽ നം.തിയതി	71168/- 241/01-03-2021

മേൽ പദ്ധതി പ്രകാരം 71168/- ഐ.കെ.എം ന് കൈമാറിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. (എൻക്വയറി നം. 18 തീ. 20.06.22) തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

1-24 മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പദ്ധതികൾ -മരുന്ന് ലഭ്യമായിട്ടില്ല

1.

നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ,FHC ചെറുതാഴം
പ്രൊജക്റ്റ് നം.	71/21
പ്രൊജക്റ്റിന്റെ പേര്	പാലിയേറ്റീവ് കെയർ
അടങ്കൽ	₹408000(വികസന ഫണ്ട്-പൊതു വിഭാഗം) ₹161050(ജില്ലാ പഞ്ചായത്ത് വിഹിതം) ₹93900തനത് ഫണ്ട് ആകെ ₹662950
ചെലവായ തുക	₹408000(വികസന ഫണ്ട്-പൊതു വിഭാഗം) ₹,161050(ജില്ലാ പഞ്ചായത്ത് വിഹിതം) ₹91601തനത് ഫണ്ട് ആകെ ₹660651

2020-21 സാമ്പത്തിക വർഷം മേൽ പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി കേരളാ മെഡിക്കൽ സർവീസസ് കോർപറേഷൻ ലിമിറ്റഡിന് താഴെപ്പറയുന്ന ബില്ലുകൾ പ്രകാരം ₹ 2,10,000/- മുൻകൂറായി നൽകിയിട്ടുണ്ട്.

22/2020-21/30.3.21 വികസന ഫണ്ട് (പൊതു വിഭാഗം)161050+48950 (തനതുഫണ്ട് ചെക്ക് നം.6884817തീയതി22.03.21	₹210000	പ്രൊഫോമ ഇൻവോയ്സ് നം.PRF5980/06.3.21
ആകെ	₹210000	

76816/- രൂപയുടെ മരുന്ന് മാത്രമേ ലഭ്യമായിട്ടുള്ളൂ. ബാക്കി ₹133184 യുടെ മരുന്നുകൾ ലഭ്യമാകാനുണ്ട്.

2.

നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, FHC ചെറുതാഴം
പ്രൊജക്റ്റ് നം.	72/21
പ്രൊജക്റ്റിന്റെ പേര്	പി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ, ലാബിന് വേണ്ട സാധനങ്ങൾ വാങ്ങൽ
അടങ്കൽ	₹400000 (മെയിന്റനൻസ് ഫണ്ട് റോഡിതരം)
ചെലവായ തുക	₹400000 (ബിൽ നം. 17/20-21 തീ. 8.3.21)

2020-21 സാമ്പത്തിക വർഷം മേൽ പദ്ധതിക്കായി 25000/- കേരളാ മെഡിക്കൽ സർവീസസ് കോർപറേഷൻ ലിമിറ്റഡിന് താഴെപ്പറയുന്ന പ്രൊഫോർമ ഇൻവോയ്സ് പ്രകാരം മുൻകൂറായി നൽകിയിട്ടുണ്ട്.

17/2020-21/08.3.21	25000	പ്രൊഫോമ ഇൻവോയ്സ് നം.PRF5518/18.02.21
ആകെ	₹25000	

₹21186 യുടെ മരുന്നുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. ബാക്കി ₹3814 യുടെ മരുന്നുകൾ ലഭ്യമാകാനുണ്ട്.

3.

നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ,FHC ചെറുതാഴം
പ്രൊജക്റ്റ് നം.	102/21
പ്രൊജക്റ്റിന്റെ പേര്	ഡയാലിസിസ് ചെയ്യുന്ന രോഗികൾക്ക് സൗജന്യ മരുന്ന് വിതരണം
അടങ്കൽ	₹150000 (വികസനഫണ്ട് ,പൊതുവിഭാഗം) തനത്ഫണ്ട് 50000/-
ചെലവായ തുക	₹150000/- വികസനഫണ്ട്, പൊതുവിഭാഗം 49972/- തനത്ഫണ്ട് ചെക്ക് നം. 6887817 തീ. 22.3.21

2020-21 സാമ്പത്തിക വർഷം മേൽ പദ്ധതിക്കായി 199972/- കേരളാ മെഡിക്കൽ സർവീസസ് കോർപറേഷൻ ലിമിറ്റഡിന് താഴെപ്പറയുന്ന പ്രൊഫോർമ ഇൻവോയ്സ് പ്രകാരം മുൻകൂറായി നൽകിയിട്ടുണ്ട്.

19/2020-21/14.3.21 150000/-വികസന ഫണ്ട് 49972/-തനതുഫണ്ട്	199972/-	പ്രൊഫോമ ഇൻവോയ്സ് നം.PRF5518/18.02.21
ആകെ	₹199972/	

₹132651/- യുടെ മരുന്നുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. ബാക്കി ₹67321യുടെ മരുന്നുകൾ ലഭ്യമാകാനുണ്ട്. ഇതു സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (14/18.6.22) ബാക്കി മരുന്നുകൾ ലഭ്യമാക്കാൻ കെ.എം.സി.എൽ ന് അറിയിച്ചിട്ടുണ്ട് എന്ന് മറുപടി ലഭിച്ചിട്ടുണ്ട്.

1-25 റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയിട്ടില്ല.

29-1-2018-ലെ ജി.ഒ (എം.എസ്) 11/2018/ തസ്വഭവ ഉത്തരവ് പ്രകാരമുള്ള പദ്ധതി രൂപീകരണ മാർഗ്ഗരേഖ ഖണ്ഡിക 7.13(1) പ്രകാരം ഗ്രാമപഞ്ചായത്തുകൾ റോഡ് കണക്റ്റിവിറ്റി ഭൂപടവും റോഡ് കണക്റ്റിവിറ്റി പ്ലാനും തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിലാണ് പദ്ധതികൾ രൂപീകരിക്കേണ്ടത്. എന്നാൽ 2020-21 വർഷത്തിൽ ചെറുതാഴം ഗ്രാമ പഞ്ചായത്ത് ഇപ്രകാരം ഭൂപടവും പ്ലാനും തയ്യാറാക്കാതെയാണ് റോഡ് പ്രവൃത്തികളുമായി ബന്ധപ്പെട്ട പ്രോജക്റ്റുകൾ നടപ്പിലാക്കിയിട്ടുള്ളത്. ഭൂപടവും പ്ലാനും തയ്യാറാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (4/16.6.22) മറുപടിയിൽ കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരികയാണെന്നാണ് അസിസ്റ്റന്റ് എൻജിനീയർ അറിയിച്ചത്. കണക്റ്റിവിറ്റി മാപ്പും ഭൂപടവും പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2020-21	13.06.22, 14.06.22	കെ.എസ്.എ/കെ.എൻ.ആർ/സി.2/912/2022 തീയതി- 27.07.2022

4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	വർഷം	ലഭിച്ച തുക	പ്രോജക്ടിന്റെ പേര് /നമ്പർ	ചെലവ്	നീക്കിയിരിപ്പ്
കണ്ണൂർ ജില്ലാപഞ്ചായത്ത്	2020-21	170000	132/21ജൈവ പച്ചക്കറികൃഷിക്ക് വിത്ത് കൂലിച്ചെലവ് സബ്സിഡി	170000	0
		1725772	131/21-നെൽകൃഷി കൂലിചെലവ്	1725772	0
		450000	241/21-തരിശ് കൈപ്പാട് കൃഷി പ്രോൽസാഹനം	450000	0
		277500	183/21- തരിശ് ഭൂമിയിൽപച്ചക്കറി കൃഷി	277500	0
		68000	188/21-കര നെൽ കൃഷി	68000	0
		169950	189/21- പച്ചക്കറി തൈ വിതരണം	169950	0
		180000	75/21-ജനകീയ ജൈവ പച്ചക്കറി കൃഷി	180000	0
		1258646	76/21-സമഗ്ര നെൽകൃഷി വികസനം	1258646	0
		161050	71/21-പാലിയേറ്റീവ് കെയർ	161050	0
		131820	193/21-വീട്ടുവളപ്പിൽ ബയോഫ്ളോക്ക്	131820	0

		560000	166/21-ലൈഫ് മിഷൻ-ഭൂരഹിത ഭവന രഹിതർക്ക് ഭവന നിർമ്മാണം	560000	0
		387806	3/21-ലൈഫ് മിഷൻ ഭവന നിർമ്മാണം	387806	0
		875000	108/21-ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്	875000	0
		200000	135/21-ക്ഷീര കർഷകർക്ക് പാലുൽപ്പാദനത്തിന് അധിക ധനസഹായം	200000	0
		625000	66/21-ക്ഷീര കർഷകർക്ക് പാലിന് അധിക വില നൽകൽ	625000	0
ആകെ		7240544		7240544	0
കല്ല്യാശേരി ബ്ളോക്ക് പഞ്ചായത്ത്	2020-21	1940000	166/21-ലൈഫ് മിഷൻ-ഭൂരഹിത ഭവന രഹിതർക്ക് ഭവന നിർമ്മാണം (സ്പിൽ ഓവർ)	1940000	0
		1200000	167/21-ലൈഫ് മിഷൻ-ഭൂരഹിത ഭവന രഹിതർക്ക് ഭവന നിർമ്മാണം (ജനറൽ)	1200000	0
		197794	3/21-ലൈഫ് മിഷൻ-ഭൂരഹിത ഭവന രഹിതർക്ക് ഭവന നിർമ്മാണം (പട്ടിക ജാതി)	197794	0
		640000	63/21 ലൈഫ് മിഷൻ-ഭൂരഹിത ഭവന രഹിതർക്ക് ഭവന നിർമ്മാണം (ജനറൽ)	640000	
		145000	66/21-ക്ഷീര കർഷകർക്ക് പാലിന് അധിക വില നൽകൽ	145000	0
		637500	76/21 സമഗ്ര നെൽകൃഷി വികസനം	637500	0
ആകെ		4760294	ആകെ	4760294	

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിർവഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നം /ചെക്ക് നം	മുൻകൂർ നൽകിയ തുക	വിനിയോഗ സാക്ഷ്യപത്ര പ്രകാരം	ബാക്കിയുള്ള തുക

				ചെല വായതുക	
ഗ്രൗണ്ട് വാട്ടർ അതോറിറ്റി	അംഗൻവാടി കുഴൽ കിണർ നിർമ്മാണം പ്രോജക്ട് നം. 67/21	ലഭ്യമാക്കിയിട്ടില്ല	89908	-	89908
കെ.എസ്. ഇ.ബി	ചെമ്പല്ലിക്കുണ്ട് സ്ട്രീറ്റ് മെയിൻ ലൈൻവലിക്കൽ പ്രോജക്ട് നം. 236/21	ലഭ്യമാക്കിയിട്ടില്ല	278924	-	278924

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ / വായ്പ തിരിച്ചടവ്

ഇല്ല

4-6 സ്ഥിരനിക്ഷേപങ്ങൾ,ഇൻവെസ്റ്റ്മെന്റുകൾ

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം	1,17,02,203
തൻവർഷം നിക്ഷേപിച്ച തുക (പലിശ)	7,35,247
ആകെ	12,43,7450
തന്നാണ്ടിൽ പിൻവലിച്ച തുക	ഇല്ല
വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം	12437450

(*)ഓരോ നിക്ഷേപവും പലിശ സഹിതം പുതുക്കുകയാണ് ചെയ്യുന്നത്.

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

ഗ്രാമപഞ്ചായത്തിൽ ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും ഓരോ വർഷവും നിക്ഷേപിക്കുന്ന തുക, ലഭിക്കുന്ന പലിശ, നിക്ഷേപ കാലയളവ്, പലിശ നിരക്ക് എന്നിവ കൃത്യമായി രേഖപ്പെടുത്താത്തതിനാൽ തുകയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
1999-00	2	2001-02	V-13-2	പോഷകാഹാര വിതരണ പദ്ധതി ചെലവ്	പരാമർശം നിലനില്ക്കുന്നു
2014-15	2-4 2-5 2-7 2-9	2016-17	2	തൊഴിൽ നികുതി	,,

2015-16	2-2	2016-17	2	,,	,,
2016-17	2-1	2017-18	1-13(3)	സർക്കാർ അനുമതിയില്ലാതെയും രേഖാമൂലമല്ലാതെയും പഞ്ചായത്ത് സ്ഥലം ഡി.ടി.പി.സി(കണ്ണൂർ) ന് കൈമാറി. "വിപ്ര കായൽ ഫ്ലോട്ടിംഗ് പാർക്ക് " നടത്തിപ്പ്- നിയമങ്ങളും ചട്ടങ്ങളും പാലിക്കാതെ.	തുടരുന്നു.

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	:	93006063
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	:	88577773
വരവിനങ്ങളിലുള്ള നഷ്ടം	:	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	₹2841334

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-13	30000	ശ്രീമതി. പുഷ്പലത എം,ഹെഡ്മിസ്ട്രസ്
1-14	669300	ശ്രീ. സി എം ഹരിദാസ്, സെക്രട്ടറി
1-15	462199	ശ്രീ. സി എം ഹരിദാസ്, സെക്രട്ടറി
1-16	156000	ശ്രീ. സി എം ഹരിദാസ്, സെക്രട്ടറി
1-19	1378835	ശ്രീ. സി എം ഹരിദാസ്, സെക്രട്ടറി
1-20	145000	ശ്രീ. പി. നാരായണൻ, കൃഷി ഓഫീസർ
ആകെ	2841334	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക നമ്പർ	1-6-1

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ. സി എം ഹരിദാസ്, സെക്രട്ടറി	സെക്രട്ടറി, വളപട്ടണം ഗ്രാമപഞ്ചായത്ത്	ചേണിച്ചേരി മൂലയിൽ, പടന്നപ്പുറം,പി.ഒ വിളയാങ്കോട്
ശ്രീമതി.പുഷ്പലത.എം	ഹെഡ് മിസ്ട്രസ്, ജി യു പി എസ് പുറച്ചേരി	സ്വാശ്രുയ്, പരിയാരം മെഡിക്കൽ കോളേജ്.പി.ഒ
ശ്രീ.പി. നാരായണൻ, കൃഷി ഓഫീസർ	കൃഷി ഓഫീസർ	പുതിയില്ലം ഹൗസ്, ശ്രീസ്ഥ പി.ഒ, പിൻ 670303

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	റിമാർക്സ്
1992-93,93-94	കെ എസ് എ/ കെ എൻ ആർ/ സി2-798/2019 തീയതി 13.06.19	1
1998-99	കെ എസ് എ/ കെ എൻ ആർ/ സി2-798/2019 തീയതി 13.06.19	2
1999-2000	കെ എസ് എ/ കെ എൻ ആർ/ സി2-798/2019 തീയതി 13.06.19	1
2000-01	കെ എസ് എ/ കെ എൻ ആർ/ സി2-798/2019 തീയതി 13.06.19	2
2001-02(പദ്ധതി)	കെ എസ് എ/ കെ എൻ ആർ/ സി2-798/2019 തീയതി 13.06.19	5
2003-04	കെ എസ് എ/ കെ എൻ ആർ/ സി2-798/2019 തീയതി 13.06.19	7
2004-05	കെ എസ് എ/ കെ എൻ ആർ/ സി2-798/2019 തീയതി 13.06.19	4
2005-06	കെ എസ് എ/ കെ എൻ ആർ/ സി2-798/2019 തീയതി 13.06.19	1
2007-08	കെ എസ് എ/ കെ എൻ ആർ/ സി2-798/2019 തീയതി 13.06.19	6
2008-09	കെ എസ് എ/ കെ എൻ ആർ/ സി2-798/2019 തീയതി 13.06.19	6
2009-10	കെ എസ് എ/ കെ എൻ ആർ/ സി2-798/2019 തീയതി 13.06.19	5
2010-11,11-12	കെ എസ് എ/ കെ എൻ ആർ/ സി2-798/2019 തീയതി	21

	13.06.19	
2012-13,13-14	കെ എസ് എ/ കെ എൻ ആർ/ സി2-798/2019 തീയതി 13.06.19	3
2014-15	കെ എസ് എ/ കെ എൻ ആർ/ സി2-798/2019 തീയതി 13.06.19	14
2015-16	കെ എസ് എ/ കെ എൻ ആർ/ സി2-798/2019 തീയതി 13.06.19	16
2016-17	കെ എസ് എ/ കെ എൻ ആർ/ സി2-798/2019 തീയതി 13.06.19	11
2017-18	കെ എസ് എ/ കെ എൻ ആർ/ സി2-80/2020 തീയതി 11.06.20	14
2018-19	കെ എസ് എ/ കെ എൻ ആർ/ സി2-463/2020(1) തീയതി 11.01.21	7
2019-20	കെ എസ് എ/ കെ എൻ ആർ/ സി2-233/2022 തീയതി 12.04.22	36

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

അനുബന്ധം-1

ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ ചെറുതാഴം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ ചെറുതാഴം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

Anex3-1

റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

Cheruthazham Grama Panchayat Receipt and Payment Report

For the period from 01-04-2020 to 31-03-2021			
Code	Head Account	Schedule No.	Current Year Amount (Rs.)
Opening Balance			
450000000	Cash and Bank balance	RP-40(a)	9941297.00
Receipts			
Operating			
110000000	Tax Revenue	RP-1	1694300.00
140000000	Fees & User Charges	RP-4	1316822.00
150000000	Sale & Hire Charges	RP-5	161244.00
160000000	Revenue Grants, Funds, Contributions & Compensations	RP-7	68875640.00
171000000	Interest Earned	RP-9	85125.00
210000000	Establishment Expenses	RP-12	5791.00
220000000	Administrative Expenses	RP-13	170000.00
230000000	Operations & Maintenance	RP-14	659203.00
240000000	Interest and finance charges	RP-15	10.00
251000000	Annual plan - Revenue expenses (Service sector)	RP-17	20000.00
311000000	Earmarked Funds	RP-28	31725.00
320000000	Grants, Funds & Contributions for Specific Purposes	RP-30	6854313.00
431000000	Sundry Debtors (Receivables)	RP-45	10917091.00
460000000	Loans, Advances and Deposits	RP-49	319264.00
Non-Operating			
180000000	Other Income	RP-10	28561.00
340000000	Deposits Received	RP-33	494410.00
350000000	Other Liabilities	RP-35	1371564.00
	Total :		102946360.00
Payments			
Operating			
210000000	Establishment Expenses	RP-12	1671483.00
220000000	Administrative Expenses	RP-13	545816.00
230000000	Operations & Maintenance	RP-14	1248204.00
240000000	Interest & Finance Charges	RP-15	6361.00
250000000	Annual Plan - Revenue Expences (Productive Sector)	RP-16	11925848.00
251000000	Annual Plan - Revenue	RP-17	21555244.00

	Expences (Service Sector)		
252000000	Annual Plan - Revenue Expences (Infrastructure Sector)	RP-18	6543736.00
254000000	State Sponsored Schemes	RP-19	89000.00

Code	Head Account	Schedule No.	Current Year Amount (Rs.)
256000000	Other Revenue Grants and Funds - Revenue Expenses	RP-20	5429.00
260000000	Grants, contributions and compensation from own fund	RP-21	254.00
290000000	Prior Period Item	RP-25	-200396.00
311000000	Earmarked funds	RP-28	8000.00
320000000	Grants, Funds & Contributions for Specific Purposes	RP-30	325400.00
412000000	Capital Work In Progress	RP-39	16820311.00
414000000	Annual Plan - Capital Expences (Service Sector)	RP-41	1954194.00
415000000	Annual Plan - Capital Expences (Infrastructure Sector)	RP-42	881597.00
431000000	Sundry Debtors (Receivables)	RP-45	1100.00
460000000	Loans, Advances and Deposits	RP-49	862944.00
Non-Operating			
340000000	Deposits Received	RP-33	47118.00
350000000	Other Liabilities	RP-35	24485130.00
Closing Balance			
450000000	Cash and Bank balance	RP-40(b)	14369587.00
	Total :		102946360.00

Anex-3-2

ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

Cheruthazham Gramapanchayath Income & Expenditure Statement

For the period from 01-04-2020 to 31-03-2021

Code No	Description of items	Schedule No.	Current Year Amount (Rs.)
110000000	Tax Revenue	I-1	10037481.00
120000000	Assigned Revenue & Compensation	I-2	0.00
130000000	Rental Income from Panchayat Properties	I-3	2733268.00
140000000	Fees & User Charges	I-4	1853625.00
150000000	Sales & Hire Charges	I-5	161244.00
160000000	Revenue Grants, Contributions &	I-6	185140079.00

	Compensation		
170000000	Income from Investments	I-7	735247.00
171000000	Interest Earned	I-8	85125.00
180000000	Other Income	I-9	28561.00
A	Total - INCOME		200774630.00
210000000	Establishment Expenses	I-10	10321151.00
220000000	Administrative Expenses	I-11	1038272.00
230000000	Operations & Maintenance	I-12	1951010.00
240000000	Interest & Finance Charges	I-13	7401.00
250000000	Decentralised Plan Programme - Productive Sector	I-14	15051153.00
251000000	Decentralised Plan Programme - Service Sector	I-14(A)	36206579.00
252000000	Decentralised Plan Programme - Infrastructure Sector	I-14(B)	8134405.00
253000000	Decentralised Plan Programme - Projects not included in Sector Division	I-14(C)	18535113.00
254000000	Expenditure of Transferred Institutions and State Sponsored Schemes	I-14(D)	86638400.00
255000000	Maintenance Projects	I-14(E)	0.00
256000000	Other Revenue Grants and Funds - Revenue Expenses	I-14(F)	89769.00
260000000	Grants, Contributions and Compensations from Own Fund	I-15	0.00
270000000	Provisions & Write off	I-16	36593.00
271000000	Miscellaneous Expenses on Disposal of Assets and Invenstments	I-17	0.00
272000000	Depreciation	I-17(A)	13597834.00
190000000	Prior period Income	I-19	4630.00
B	B - Total : EXPENDITURE		191607680.00
C = A-B	Gross Surplus / (deficit) of income over expenditure before Prior Period Items.		9166950.00
190000000	Prior period Income	I-19	4630.00
290000000	Prior period expenses	I-18	-200396.00
D	Net difference	I-19-I18	205026.00
E	Gross Surplus / (deficit) of income over expenditure after Prior Period Items.		8971184.00

Code No	Description of items	Schedule No.	Current Year Amount (Rs.)
290000000	Transfer to Reverse Funds		

	Net Balance being surplus / deficit carried over to Balance sheet (Panchayat Fund)		
Remarks:			

Anex-3-3

ബാലൻസ് ഷീറ്റ്

CHERUTHAZHAM GRAMA PANCHAYAT			
BALANCE SHEET AS ON 31-03-2021			
CODE NO	DESCRIPTION OF ITEMS	SCHEDULE NO	CURRENT YEAR AMOUNT
310000000	Panchayat (General) Fund	B-1	70738761.00
311000000	Earmarked Fund	B-2	70041.00
312000000	Reserves	B-3	54321186.00
320000000	Grants Funds And Contributions for secifice purposes	B-4	5608788.00
330000000	Secured Loans	B-5	0.00
331000000	Unsecured Loans	B-6	0.00
340000000	Deposit Received	B-7	3389490.00
341000000	Deposit works	B-8	0.00
350000000	Other Liabilities	B-9	2890987.00
360000000	Provisions	B-10	0.00
	Total		137019253.00
410000000	Fixed Assets	B-11	5175587.00
342000000	Capital work in progress	B-11(b)	304204.00
413000000	Annual plan- Capital Expenses (Productive sector)	B-11(c)	3073164.00
414000000	Annual plan- Capital Expenses Service sector)	B-11(d)	4167944.00
415000000	Annual plan- Capital Expenses (Infrastructure sector)	B-11(e)	146778231.00
416000000	Accumulated Depreciation	B-11(a)	-54906641.00
420000000	Investment General Fund	B-12	12437450.00
421000000	Sundry Debtors	B-13	0.00
430000000	Stock in Hand (Inventories)	B-14	0.00
431000000	Sundry Debtors (Receivables)	B-15	1180552.00
432000000	Accumulated provision against bad and doubtful receivables	B-15(a)	0.00
440000000	Pre-paid expenses	B-16	0.00
450000000	Cash and Bank balances	B-17	14369587.00
460000000	Loans and Advances and deposits	B-18	4439175.00
461000000	Accumulated provisions against Loans and	B-18(a)	0.00

	Advances and Deposits		
470000000	Other Assets	B-19	0.00
480000000	Miscellaneous Expenditure to be return off	B-20	0.00
	Total		137019253.00

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ